# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1307** — 13.07.2016-ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം നഗരത്തിലെ ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.എസ്.ശിവകുമാർ** | **ശ്രീ.പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം നഗരത്തിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ നിർമ്മാണ/നിർവ്വഹണച്ചുമതല ഏത് ഏജൻസിക്കാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) ഉണ്ട്. ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡും (ഡി.എം.ആർ.സി.) കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡും (കെ.ആർ.റ്റി.എൽ) തമ്മിൽ കരാർ ഒപ്പുവെച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ഇതേ വരെ ലഭ്യമായിട്ടില്ല. ആയതിലേയ്ക്കുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഏജൻസിയെ നിയമിക്കുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) 2014 സെപ്റ്റംബറിലെ വില നിലവാരം വെച്ച് പദ്ധതിയുടെ ആകെ അടങ്കൽ തുക 3453 കോടി (കേന്ദ്ര നികുതി ഉൾപ്പെടെ) രൂപയും, കിലോമീറ്ററിനു കണക്കാക്കപ്പെട്ട ശരാശരി നിരക്ക് 154.24 കോടി രൂപയുമാണ്. പദ്ധതി പൂർത്തിയാക്കുന്ന 2020-ൽ പ്രതീക്ഷിക്കുന്ന ആകെ ചെലവ് 4219 കോടി രൂപയാണ്. ലൈറ്റ് മെട്രോ പദ്ധതി കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പദ്ധതി ചെലവിന്റെ 20% കേരള സർക്കാരും, 20% കേന്ദ്ര സർക്കാരും കണ്ടെത്തണമെന്നാണ് ഡി.പി.ആർ-ൽ വിഭാവനം |

ചെയ്തിരിക്കുന്നത്. ബാക്കി 60% തദ്ദേശ വിദേശ വായ്പകൾ വഴി സ്വരൂപിക്കാനാണ് ഡി.പി.ആർ. നിർദ്ദേശിക്കുന്നത്.

| | | | |
|---|---|---|---|
| (സി) | ലൈറ്റ് മെട്രോ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ; | (സി) | പ്രവർത്തനം ആരംഭിച്ച് 5 വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഡി) | ഈ പദ്ധതിയിൽ കേരള റാപ്പിഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ലിമിറ്റഡിന്റെ പങ്ക് വ്യക്തമാക്കുമോ ? | (ഡി) | ലൈറ്റ് മെട്രോ പദ്ധതിയുടെ നിർമ്മാണവും നടത്തിപ്പും പൂർണ്ണമായും കെ.ആർ.റ്റി.എൽ-ന്റെ ചുമതലയിൽ ആയിരിക്കും. ഇതിൽ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ, യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, കേന്ദ്ര അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ, കൺസൾട്ടന്റിനെ നിയമിക്കൽ, നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം, സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തി തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ, നിർമ്മാണ ശേഷം പദ്ധതിയുടെ നടത്തിപ്പ് എന്നീ ചുമതലകൾ ഉൾപ്പെടുന്നു. |

**സെക്ഷൻ ഓഫീസർ**